# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in


നം. ബി1/2291/2020/സി.എഫ്.എസ് തീയതി. 17.03.2020

## പരിപത്രം

COVID 19 ന്റെ വ്യാപനവുമായി ബന്ധപ്പെട്ട് ആരോഗ്യകുടുംബക്ഷേമ വകുപ്പ് 16.03.2020 തീയതിയിൽ പുറപ്പെടുവിച്ച G.O(Rt.)No.580/2020/H&FWD നമ്പർ ഉത്തരവിൽ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട കരുതൽ നടപടികളെ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ജ്യൂസ് വിൽക്കുന്ന കടകൾ, ബേക്കറികൾ, കഫറ്റീരിയകൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധിച്ച് അവയുടെ ശുചിത്വം ഉറപ്പുവരുത്തണമെന്നും ഇതു സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനു വേണ്ടി ജില്ലാടിസ്ഥാനത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ അടിയന്തിരമായി രൂപീകരിച്ച് ഭക്ഷ്യോത്പാദന, വിതരണ, വിൽപ്പന സ്ഥാപനങ്ങൾ പരിശോധനകൾ നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി പരിശോധനയിൽ പ്രധാനമായും ഹോസ്പിറ്റൽ ക്യാന്റീനുകൾ, മറ്റ് പബ്ലിക് ഓഫീസ് ക്യാന്റീനുകൾ, ജ്യൂസ് വിൽക്കുന്ന കടകൾ, ആശുപത്രികളുടെയും റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, എയർപോർട്ട് എന്നിവയുടെയും സമീപത്ത് പ്രവർത്തിക്കുന്ന ബേക്കറികൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവ പ്രത്യേകം പരിശോധിക്കേണ്ടതാണ്.

ഈ പരിശോധനയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വ്യക്തി ശുചിത്വം, കൈ കഴുകുന്നതിന് സോപ്പ്/ സാനിറ്റൈസർ/ ഹാൻഡ് വാഷ് എന്നിവ സുലഭമായി ലഭ്യമാക്കുന്നുണ്ടോ എന്നതും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഉപയോഗിക്കുന്ന വെള്ളത്തിന്റെ നിലവാരം ഉറപ്പാക്കുന്നതിന് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

ടി സ്ക്വാഡ് 17.03.2020 മുതൽ 21.03.2020 വരെ വിവിധ കടകളിൽ പരിശോധന നടത്തേണ്ടതാണ്. ടി പരിശോധന ജില്ലയിലെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ എല്ലാം വ്യാപിപ്പിക്കേണ്ടതാണ്.

താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രോഫോർമയിൽ ജില്ലാതല പരിശോധനാ റിപ്പോർട്ട് 21.03.2020 വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

| No. of Inspections Conducted | Major defects detected | Action Taken | Number of Samples Taken for testing. |
|---|---|---|---|
| | | | |

ഭക്ഷ്യസുരക്ഷാ കമ്മീഷണർ

സ്വീകർത്താവ്:

1. എല്ലാ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും.
2. എല്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും. *(അതാത് ജില്ലകളിലെ ഡി.എം.ഒ(എച്ച്)/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ/ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ അതാത് സമയങ്ങളിലെ ഉത്തരവുകളും നിർദ്ദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.)*